# ശബരിമല വാർത്താക്കുറിപ്പ്
# 13.01.2025

**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## പാണ്ടിത്താവളത്തിൽ അന്നദാന വിതരണം തുടങ്ങി

മകരവിളക്ക് ദർശിക്കാൻ പാണ്ടിത്താവളത്തിലും സമീപ വ്യൂ പോയിന്റുകളിലും തമ്പടിക്കുന്ന അയ്യപ്പഭക്തർക്കായി ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ അന്നദാന വിതരണത്തിന് തുടക്കമായി. അന്നദാന വിതരണം ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് ഉദ്ഘാടനം ചെയ്തു.

ജനുവരി 13, 14 തീയതികളിലാണ് പാണ്ടിത്താവളത്തിൽ അന്നദാന മണ്ഡപത്തിൽ ഭക്ഷണവിതരണമുണ്ടാ യിരിക്കുക. പാണ്ടിത്താവളത്തിൽ മാംഗുണ്ട നിലയത്തിനു സമീപം പ്രത്യേകമായി തയാറാക്കിയ രണ്ട് കേന്ദ്രങ്ങളിലായാണ് അന്നദാന വിതരണം ക്രമീകരിച്ചിരിക്കുന്നത്. ഉപ്പുമാവും കടലക്കറിയുമാണ് വിതരണം ചെയ്യുന്നത്.

പ്രധാന അന്നദാന മണ്ഡപത്തിൽ നിന്നുള്ള ഭക്ഷണം ഇവിടെയെത്തിച്ചാണ് വിതരണം ചെയ്യുക. പ്രധാന അന്നദാന മണ്ഡപത്തിൽ നിന്ന് ഭക്ഷണം വിതരണം ചെയ്യുന്ന അതേ സമയങ്ങളിൽ തന്നെ പാണ്ടിത്താവളത്തിലെ അന്നദാനമണ്ഡപത്തിലും ഭക്ഷണം വിതരണം ചെയ്യും.

മകരവിളക്ക് ദർശിക്കാനെത്തുന്ന ഭക്തർ ഭക്ഷണം പാചകം ചെയ്യുന്നതിന് അടുപ്പ് കൂട്ടരുതെന്ന് കർശന നിർദേശമുണ്ട്. ഈ സാഹചര്യത്തിലാണ് ഭക്തർക്കായി അന്നദാനം വിതരണം ഏർപ്പെടുത്തുന്നത്.

മകരവിളക്ക് മഹോത്സവത്തിനായി തമ്പടിക്കുന്ന ഭക്തർക്ക് ഭക്ഷണം നൽകുകയെന്നത് ദേവസ്വം ബോർഡിന്റെ അടിസ്ഥാനപരമായ കർത്തവ്യമാണെന്ന് പ്രസിഡന്റ് പറഞ്ഞു. ദർശനം കാണാനെത്തുന്നവർ ഞായറാഴ്ച മുതൽ ഇവിടെ

തമ്പടിക്കുന്നു. അവർക്ക് മറ്റു സ്ഥലങ്ങളിലേക്ക് പോകാനോ ഇരിക്കുന്ന സ്ഥലത്ത് നിന്ന് എഴുന്നേൽക്കാനോ മനസുള്ളവരല്ല. ഭക്ഷണം പാചകം ചെയ്ത് കഴിക്കുന്ന ശീലമുണ്ടായിരുന്നു. അത് വലിയ അപകടത്തിലേക്ക് പോകും. അതുകൊണ്ടാണ് ദേവസ്വം ബോർഡ് തന്നെ മൂന്ന് നേരവും ഭക്ഷണം നൽകാൻ തീരുമാനിച്ചത്. പൂർണമായും സൗജന്യമായി ഇവിടെയെത്തുന്ന എല്ലാ ഭക്തർക്കും ഭക്ഷണം നൽകും. ഭക്ഷണം കഴിച്ച് തിക്കും തിരക്കും കൂട്ടാതെ സ്വാമിയെ തൊഴുത് മലയിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

ദിവസേന 25000 പേരാണ് അന്നദാന മണ്ഡപത്തിൽ നിന്ന് ഭക്ഷണം കഴിക്കുന്നത്. മൂന്ന് ഇടവേളകളിലായി 24 മണിക്കൂറും അന്നദാനമുണ്ട്. രാവിലെ ഏഴു മുതൽ 11 വരെയാണ് പ്രഭാത ഭക്ഷണം. ഉച്ചയ്ക്ക് 12 മുതൽ മൂന്ന് വരെയാണ് ഉച്ചഭക്ഷണം.

ഉപ്പുമാവ്, കടലക്കറി, ചുക്ക് കാപ്പി എന്നിവയാണ് പ്രഭാത ഭക്ഷണം. വെജിറ്റബിൾ പുലാവ്, സാലഡ് അല്ലെങ്കിൽ വെജിറ്റബിൾ കറി, അച്ചാർ, ചുക്കുവെള്ളം എന്നിവയാണ് ഉച്ചഭക്ഷണം. കഞ്ഞി, ചെറുപയർ, അച്ചാർ എന്നിവ രാത്രിയിൽ 6.30 മുതൽ മുതൽ 12 വരെ ഭക്തർക്ക് വിളമ്പും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ, അന്നദാനം സ്പെഷ്യൽ ഓഫീസർ, രണ്ട് അസിസ്റ്റന്റ് ഓഫീസർ എന്നിവർക്കാണ് അന്നദാന വിതരണത്തിന്റെ മേൽനോട്ട ചുമതല. ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. മുരാരി ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീനിവാസൻ പോറ്റി, സ്പെഷ്യൽ ഓഫീസർ ദിലീപ് കുമാർ, അസിസ്റ്റന്റ് എൻജിനീയർമാരായ ജി. മനോജ് കുമാർ, കെ. സുനിൽ കുമാർ എന്നിവർ പങ്കെടുത്തു.

## മകരജ്യോതി ദർശനം: സന്നിധാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി

മടക്കയാത്രക്ക് തിരക്ക് കൂട്ടരുത്; പോലീസിന്റെ നിർദ്ദേശങ്ങൾ പാലിക്കുക,തിരക്കിൽ ഭക്തർ  സ്വയം നിയന്ത്രിക്കുക

ഈ വർഷത്തെ മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് സന്നിധാനത്ത് ദേവസ്വം ബോർഡ് കോൺഫറൻസ് ഹാളിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. തിങ്കളാഴ്ച രാവിലെ ദേവസ്വം ബോർഡ് പ്രസിഡൻറ്, ശബരിമല ചീഫ് പോലീസ് കോ-ഓർഡിനേറ്റർ എസ്. ശ്രീജിത്ത്, ശബരിമല സ്പെഷ്യൽ കമ്മീഷണർ ആർ. ജയകൃഷ്ണൻ, സന്നിധാനം സ്പെഷ്യൽ ഓഫീസർ വി. അജിത്ത്, ദേവസ്വം ബോർഡ്  അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ അവസാനവട്ട പരിശോധന പൂർത്തിയാക്കി.
മകരജ്യോതിദർശനത്തിനായി സന്നിധാനത്തും ജ്യോതി ദർശിക്കുന്ന മറ്റിടങ്ങളിലും തമ്പടിച്ചിരുന്ന ഭക്തരുടെ സുരക്ഷയ്ക്കായി പോലീസിന്റെയും വനംവകുപ്പിന്റെയും റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെയും മറ്റു സർക്കാർ സംവിധാനങ്ങളുടെയും നേതൃത്വത്തിൽ ബാരിക്കേഡുകൾ കെട്ടിയും വെളിച്ചത്തിനായുള്ള സംവിധാനങ്ങളൊരുക്കിയും ശക്തമായ സുരക്ഷാക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. മകരവിളക്ക് ദർശനം കഴിഞ്ഞ് പമ്പയിലേക്ക് മടങ്ങുന്ന ഭക്തർ പോലീസിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. അപകടങ്ങളുണ്ടാകാതിരിക്കാൻ ഓരോ ഭക്തനും സ്വയം നിയന്ത്രിക്കണമെന്ന് പ്രസിഡന്റ് പറഞ്ഞു. ഒന്നരലക്ഷത്തോളം ഭക്തരെയാണ് മകര വിളക്ക് ദർശനത്തിനായി സന്നിധാനത്ത് പ്രതീക്ഷിക്കുന്നത്. കുട്ടികളും അമ്മമാരും ജനുവരി 14 ദർശനത്തിന് തിരഞ്ഞെടുക്കാതിരിക്കുന്നതാണ് നല്ലതെന്ന് പ്രസിഡണ്ട് അഭ്യർത്ഥിച്ചു. ജനുവരി 15 മുതൽ 17 വരെ തിരുവാഭരണം ദർശനം ഉണ്ടായിരിക്കും. അവർക്ക് ഈ ദിവസം തെരഞ്ഞെടുക്കാവുന്നതാണ്. മകരവിളക്ക് ദർശനശേഷം മടങ്ങിപ്പോവാനായി തിരക്ക് കൂട്ടരുത്. മടക്കയാത്രക്കായി പമ്പയിൽ 800 ഓളം ബസ്സുകൾ കെഎസ്ആർടിസി സജ്ജമാക്കിയിട്ടുണ്ട്. 150 ഓളം ബസ്സുകൾ ഷട്ടിൽ സർവീസ് നടത്തും.

ജ്യോതിദർശനത്തിനായി സന്നിധാനത്തും പരിസരത്തും തമ്പടിച്ചിരുന്ന ഭക്തർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് മൂന്ന് നേരവും അന്നദാനം അവർക്കരികിലേക്ക്

എത്തിച്ചുനൽകുന്നുണ്ട്. ഇതിനുപുറമെ ഈ പോയിന്റുകളിൽ കൂടുതൽ ചുക്കുവെള്ള കൗണ്ടറുകളും ബിസ്കറ്റ് ഉൾപ്പെടെയുള്ള ലഘുഭക്ഷണവും പരമാവധി എത്തിക്കാനാണ് ശ്രമം. ഒരു കാരണവശാലും തമ്പടിച്ചിരിക്കുന്ന ഭക്തർ അടുപ്പുകൂട്ടി ഭക്ഷണം പാചകം ചെയ്യാൻ പാടില്ലെന്ന് പോലീസിന്റെ കർശന നിർദേശമുണ്ട്. അതിനാലാണ് ദേവസ്വം ബോർഡ് അവർക്കരികിലേക്ക് ഭക്ഷണമെത്തിക്കുന്നത്.
ജനുവരി 13 ന് വെർച്വൽ ക്യൂ ബുക്കിംഗ് വഴി 50,000 ഭക്തരെയും തത്സമയ ഓൺലൈൻ ബുക്കിംഗ് വഴി 5,000 ഭക്തരെയുമാണ് സന്നിധാനത്തേക്ക് പ്രവേശിപ്പിക്കുക. ചൊവ്വാഴ്ച വെർച്വൽ ക്യൂ വഴി 40,000 പേരെയും തത്സമയ ഓൺലൈൻ ബുക്കിംഗ് വഴി 1000 പേരെയും പ്രവേശിപ്പിക്കും. ജനുവരി 15 ന് രാവിലെ ആറ് മണിക്ക് ശേഷമേ നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് ഭക്തരെ പ്രവേശിപ്പിക്കുകയുള്ളൂ. അന്നേ ദിവസം രാവിലെ 11 ന് ശേഷം മാത്രമെ തത്സമയ ഓൺലൈൻ ബുക്കിംഗ് പുനരാരംഭിക്കുകയുള്ളൂ.

മകരവിളക്ക് ദിവസമായ 14 ന് രാവിലെ 10 മുതൽ നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് കെ എസ് ആർ ടി സി ബസുകൾക്ക് നിയന്ത്രണമുണ്ടാകും. തിരുവാഭരണ ഘോഷയാത്ര സന്നിധാനത്തേക്ക് കടന്നുവരുന്നതിനാൽ 14 ന് ഉച്ചക്ക് 12 ന് ശേഷം പമ്പയിൽ നിന്നും സന്നിധാനത്തേക്ക് ഭക്തരെ കടത്തിവിടില്ല. മകരവിളക്ക് കഴിഞ്ഞ് മടങ്ങുന്നവർക്കായി 800 ഓളം കെഎസ്ആർടിസി ബസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 150 ഓളം ബസുകൾ ഷട്ടിൽ സർവീസ് നടത്തും.
തിരുവാഭരണഘോഷയാത്രയെ വൈകിട്ട് 5.30 ന് ശരംകുത്തിയിൽ ശബരിമല എക്സിക്യൂട്ടിവ് ഓഫീസർ ബി. മുരാരി ബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം സ്വീകരിക്കും. 6.30 ന് കൊടിമരച്ചുവട്ടിൽ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ, തമിഴ്നാട് ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പ് മന്ത്രി പി കെ ശേഖർ ബാബു, ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്വീകരിക്കും. തന്ത്രി കണ്ഠരര് രാജീവര്, മേൽശാന്തി അരുൺകുമാർ നമ്പൂതിരി എന്നിവർ ചേർന്ന് തിരുവാഭരണ പേടകം ശ്രീകോവിലിലേക്ക് ഏറ്റുവാങ്ങും. തുടർന്ന് ഭഗവാന് തിരുവാഭരണം ചാർത്തിയുള്ള

മഹാദീപാരാധന നടക്കും. ഈ സമയം പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും. ആകാശത്ത് മകരസംക്രമ നക്ഷത്രവും ദൃശ്യമാകും. മകരസംക്രമ മുഹൂർത്തമായ ജനുവരി 14 ന് രാവിലെ 8.45 ന് തിരുവിതാംകൂർ കൊട്ടാരത്തിൽനിന്നും എത്തിക്കുന്ന നെയ്യാണ് ഭഗവാന് അഭിഷേകം ചെയ്യുന്നത്. ജനുവരി 19 ന് മാളികപ്പുറത്തെ മഹാഗുരുതിയോടെ ഈ മകരവിളക്ക് മഹോത്സവത്തിന് സമാപനമാവും.
ദേവസ്വം ബോർഡ് കോൺഫറൻസ് ഹാളിൽ നടന്ന വാർത്താ സമ്മേളനത്തിൽ ദേവസ്വം ബോർഡ് അംഗങ്ങളായ ജി. അജികുമാർ, ജി. സുന്ദരേശൻ എന്നിവരും പങ്കെടുത്തു.

*ഹരിവരാസനം പുരസ്കാരം 14ന്
മന്ത്രി വി എൻ വാസവൻ കൈതപ്രത്തിന് സമ്മാനിക്കും*

സംസ്ഥാന ദേവസ്വം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും നൽകുന്ന ഹരിവരാസനം പുരസ്കാരം മകരസംക്രാന്തി ദിനമായ ജനുവരി 14 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ശബരിമല സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ കവിയും ഗാനരചയിതാവും സംഗീത സംവിധായകനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് തുറമുഖം-സഹകരണം-ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ സമ്മാനിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡണ്ട് പി. എസ് പ്രശാന്ത് സന്നിധാനത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പുരസ്കാര ദാന ചടങ്ങിൽ പ്രമോദ് നാരായണൻ എംഎൽഎ അധ്യക്ഷനാവും. തമിഴ്നാട് ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പ് മന്ത്രി പി കെ ശേഖർ ബാബു മുഖ്യാതിഥി ആയിരിക്കും. ആന്റോ ആന്റണി എംപി, എം.എൽ.എ മാരായ അഡ്വ .കെ. യു ജനീഷ്കുമാർ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് പി. എസ് പ്രശാന്ത്, ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാരസമിതി ചെയർമാൻ ജസ്റ്റിസ് (റിട്ട.) എസ് സിരിജഗൻ, തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡ് ഓംബുഡ്സ്മാൻ ജസ്റ്റിസ് (റിട്ട.) കെ രാമകൃഷ്ണൻ, ശബരിമല സ്പെഷ്യൽ കമ്മീഷണർ ജില്ലാ ജഡ്ജ് ആർ ജയകൃഷ്ണൻ, പത്തനംതിട്ട

ജില്ലാ കലക്ടർ എസ് പ്രേംകൃഷ്ണൻ, ശബരിമല എഡിഎം അരുൺ എസ് നായർ, ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. എ. അജികുമാർ, ജി. സുന്ദരേശൻ, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി എസ് മോഹനൻ, ദേവസ്വം കമ്മീഷണർ സി വി പ്രകാശ് തുടങ്ങിയവർ പങ്കെടുക്കും. റവന്യൂ (ദേവസ്വം)/വകുപ്പ് അഡീഷണൽ സെക്രട്ടറി ടി ആർ ജയപാൽ പ്രശസ്തിപത്ര പാരായണം നടത്തും.

## ഉരുൾപൊട്ടലിനെ അതിജീവിച്ച് അയ്യപ്പനെ കാണാൻ ചൂരൽമലയിൽ നിന്ന്....

ഒറ്റ രാത്രിയിലെ മലവെള്ളപ്പാച്ചിൽ വേർപിരിച്ച ജീവിതങ്ങൾ ജ്യോതി ദർശനത്തിനായി അയ്യപ്പ സന്നിധിയിൽ. ഉരുൾപൊട്ടൽ നാശം വിതച്ച വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ, അട്ടമല എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് മകര ജ്യോതി ദർശിക്കാനായി മല കയറിയെത്തിയത്. ഞായറാഴ്ച രാത്രിയാണ് ഇവർ സന്നിധാനത്ത് എത്തിയത്.

ഈ മൂന്ന് ഗ്രാമങ്ങളിൽ നിന്നും 150 ലധികം ഭക്തർ ഓരോ വർഷവും അയ്യപ്പസന്നിധിയിലെത്താറുണ്ട്. മുണ്ടക്കൈ മാരിയമ്മൻ ക്ഷേത്രത്തിൽ നിന്ന് സുബ്രഹ്മണ്യൻ ഗുരുസ്വാമിയുടെ നേതൃത്വത്തിലാണ് ഇവർ എത്താറുള്ളത്. എന്നാൽ മാരിയമ്മൻ ക്ഷേത്രവും സുബ്രഹ്മണ്യൻ സ്വാമിയും അദ്ദേഹത്തിന്റെ 13 ബന്ധുക്കളും ഉരുൾപൊട്ടലിൽ ഒലിച്ച് പോയി. ഒന്നിച്ച് കഴിഞ്ഞിരുന്ന ഈ മൂന്ന് ഗ്രാമങ്ങളിലെയും ഭക്തർ ഇപ്പോൾ പലയിടങ്ങളിലായി വാടക വീടുകളിലാണ് താമസം. മേപ്പാടിയിലെ മാരിയമ്മൻ ക്ഷേത്രത്തിൽ നിന്ന് കെട്ടുനിറച്ച് ഗുരുസ്വാമി രാമൻകുട്ടിയുടെ നേതൃത്വത്തിൽ 50 പേരാണ് ഇക്കുറി മല ചവിട്ടിയത്.

കഴിഞ്ഞ വർഷം വന്നുപോയ നിരവധി പേർ ഇത്തവണ തങ്ങൾക്കൊപ്പമില്ലെന്ന് ഡ്രൈവറായ എം. സോബിൻ വേദനയോടെ പറഞ്ഞു. മുണ്ടക്കൈയിൽ നിന്ന് സോബിൻ മാത്രമാണ് സംഘത്തിലുള്ളത്. അട്ടമലയിൽ നിന്നും കുറച്ച് പേർ മാത്രമാണുള്ളത്. മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽപ്പെട്ടവർക്ക്

എത്രയും വേഗം പുനരധിവാസം നൽകാൻ സർക്കാരിന് കഴിയട്ടെ എന്ന് മാത്രമാണ് ഇവരുടെ പ്രാർഥനയും പ്രത്യാശയും. കുട്ടികളും മുതിർന്നവരുടമക്കം സംഘത്തിൽ 48 പേരാണുള്ളത്. ഇതിൽ അഞ്ച് മാളികപ്പുറങ്ങളും അഞ്ച് കുട്ടികളും 38 പുരുഷന്മാരുമാണുള്ളത്.

സംഘത്തിലുള്ളതിൽ നിരവധി പേർക്ക് വീടുകൾ നഷ്ടമായി. പെയിന്റിംഗ്, ടൈൽസ് ജോലികൾ തുടങ്ങി വിവിധ ജോലികൾ ചെയ്യുന്നവരാണിവർ. മേപ്പാടിയിൽ വാടക വീട്ടിലാണ് മിക്കവരും ഇപ്പോൾ താമസിക്കുന്നത്. സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകൾ സർക്കാർ സംഘടിപ്പിച്ച അദാലത്ത് വഴി ലഭിച്ചു. ഒരു രാത്രിയിൽ തകർന്ന ജീവിതം രണ്ടാമതും കരുപ്പിടിപ്പിക്കാനുള്ള ശ്രമത്തിലാണിവർ. ഉരുൾപൊട്ടലിനെ അതിജീവിച്ച് അയ്യപ്പനെ തൊഴാനെത്തിയ ഇത്തവണ സുഖകരമായ ദർശനം സാധ്യമായെന്ന് കാക്കവയൽ ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയായ പ്രജ്വൽ എസ് പ്രവീൺ പറഞ്ഞു.

## മകരജ്യോതി ദർശനത്തിനായി എത്തിയ ഭക്തർക്കുള്ള കേരള പോലീസിന്റെയും ദേവസ്വം ബോർഡിന്റെയും നിർദേശങ്ങളും ക്രമീകരണങ്ങളും

* കെഎസ്ആർടിസി വാഹനങ്ങളിൽ ക്യൂ പാലിച്ച് മാത്രം കയറുക.
* മകരജ്യോതി ദർശനത്തിനെത്തുന്ന ഭക്തജനങ്ങൾ അവിടെ സ്ഥാപിച്ചിരിക്കുന്ന ബാരിക്കേഡുകളിൽ ചാരി നിൽക്കാനോ കെട്ടിയിരിക്കുന്ന വടം മുറിച്ച് കടക്കാനോ ശ്രമിക്കാതിരിക്കുക
* വാട്ടർ ടാങ്കുകൾ, ഉയരം കൂടിയ കെട്ടിടങ്ങൾ എന്നിവയിൽ കയറി നിൽക്കരുത്
* നിങ്ങളുടെ വിലപിടിപ്പുള്ള വസ്തുക്കൾ മോഷണം പോകാതെ പ്രത്യേകം ശ്രദ്ധിക്കുക
* മണികണ്ഠസ്വാമികൾ, മാളികപ്പുറങ്ങൾ. വയോധികരായ സ്വാമിമാർ എന്നിവരെ കൂട്ടം തെറ്റാതെ പ്രത്യേകം ശ്രദ്ധിക്കുക.
* സ്വാമിമാർ വന്ന വാഹന നമ്പർ, പാർക്ക് ചെയ്ത ഗ്രൗണ്ട് നമ്പർ, ഡ്രൈവർ ഗുരുസ്വാമിമാരുടെ ഫോൺ നമ്പർ എന്നിവ പ്രത്യേകം വാങ്ങി സൂക്ഷിക്കുക.

* മടങ്ങി പോകുന്ന സ്വാമിമാർ അതത് പാർക്കിംഗ് ഗ്രൗണ്ടുകളിലെത്തി വാഹനങ്ങളിൽ കയറി എത്രയും വേഗം നാട്ടിലേയ്ക്ക് മടങ്ങാൻ ശ്രദ്ധിക്കുക.
* സാവധാനവും സുരക്ഷിതവുമായി വാഹനമോടിക്കുവാൻ ഡ്രൈവർ അയ്യപ്പൻമാർ ശ്രദ്ധിക്കുക.
* 14ന് രാവിലെ 7.30 മണിമുതൽ നിലക്കലിൽ ഗതാഗത നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തുന്നു.
* 10 മണിവരെ മാത്രമെ നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് വാഹനങ്ങൾ കടത്തിവിടുള്ളു.
* 12 മണിവരെ മാത്രമെ പമ്പയിൽ നിന്നും ഭക്തരെ സന്നിധാനത്തേക്ക് കടത്തിവിടുള്ളു. (തിരുവാഭരണം വലിയാനവട്ടത്ത് എത്തുന്ന സമയം മുതൽ) പിന്നീട് തിരുവാഭരണം ശരംകുത്തിയിൽ എത്തിയതിനുശേഷം മാത്രമെ (വൈകുന്നേരം 5.30 മണിക്ക് ശേഷം) ഭക്തരെ പമ്പയിൽ നിന്നും സന്നിധാനത്തേക്ക് കടത്തിവിടുള്ളു.
* മരത്തിൻറെ മുകളിൽ നിന്നോ, ഉയരമുള്ള കെട്ടിടങ്ങളുടെ ടെറസ്സിൽ കയറിനിന്ന് വാട്ടർ ടാങ്കുകളുടെ ഉയരെ കയറി നിന്ന് മകരജ്യോതി ദർശനം അനുവദിക്കുന്നതല്ല.
* ഒരു കാരണവശാലും അന്നദാനം നടത്താനോ താൽക്കാലിക പാചകം നടത്താനോ ഭക്തരെ അനുവദിക്കില്ല.

മകരജ്യോതി ദർശിക്കാവുന്ന സ്ഥലങ്ങൾ

I. നിലയ്്ക്കൽ
* അട്ടത്തോട്
* അട്ടത്തോട് പടിഞ്ഞാറെ കോളനി
* ഇലവുങ്കൽ
* നെല്ലിമല
* അയ്യൻമല
II. പമ്പ
* ഹിൽടോപ്പ്
* ഹിൽടോപ്പ് മധ്യഭാഗം
* വലിയാനവട്ടം
III. സന്നിധാനം
* പാണ്ടിത്താവളം

* ദർശനം കോപ്ലക്സിന്റെ പരിസരം
* അന്നദാന മണ്ഡപത്തിന്റെ മുൻവശം
* തിരുമുറ്റം തെക്കുഭാഗം
* ആഴിയുടെ പരിസരം
* കൊപ്രാക്കളം
* ജ്യോതി നഗർ
* ഫോറസ്റ്റ് ഓഫീസിന്റെ മുൻവശം
* വാട്ടർ അതോറിറ്റി ഓഫീസിന്റെ പരിസരം

എമർജൻസി മെഡിക്കൽ സെൻററുകൾ
* പാണ്ടിത്താവളം ജംഗ്ഷൻ
* വാവർ നട
* ശരംകുത്തി
* ക്യൂ കോംപ്ലക്സ്
* മരക്കൂട്ടം
* ചരൽ മേട്

## മകരവിളക്ക്: സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി

മകരവിളക്കിനു മുന്നോടിയായുള്ള സന്നിധാനത്തുള്ള സുരക്ഷാ ക്രമീകരണങ്ങൾ പോലീസ് സ്പെഷ്യൽ ഓഫീസർ വി. അജിത്തിന്റെയും എഡിഎം അരുൺ എസ് നായരുടെയും നേതൃത്വത്തിൽ ഉദ്യോഗസ്ഥർ വിലയിരുത്തി. പോലീസ്, എൻഡിആർഎഫ്, ആർ പി എഫ്, ഫയർ ഫോഴ്സ്, റവന്യൂ, ദേവസ്വം ബോർഡ്,  കെഎസ്ഇബി, വനം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ സംയുക്തമായി തിങ്കളാഴ്ച വൈകുന്നേരം സന്നിധാനത്തെ പ്രധാന കേന്ദ്രങ്ങൾ പരിശോധിച്ചു. മകരവിളക്ക് ദർശിക്കാനായുള്ള വ്യൂ പോയിന്റുകളിൽ ബാരിക്കേഡ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കാനുള്ള ക്രമീകരണങ്ങളും സജ്ജമാണ്. മതിയായ വെളിച്ചം, മലയിറങ്ങുന്ന വിവിധ പോയിന്റുകളിൽ വൈദ്യസഹായം എന്നിവ ഉൾപ്പടെ മകരവിളക്കിന് ശേഷം ഭക്തർക്ക് തിരിച്ചുപോകുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ടെന്ന് എസ് പി വി. അജിത്ത് പറഞ്ഞു.

ചൊവ്വാഴ്ചത്തെ തിരുവഭരണ ഘോഷയാത്രയുടെയും മകരവിളക്കിന്റെയും ഒരുക്കങ്ങൾ പൂർണമായതായി എഡിഎം അരുൺ എസ് നായർ അറിയിച്ചു. തിരുവാഭരണ ഘോഷയാത്ര ഉച്ചയോടെ വലിയാനവട്ടത്ത് എത്തി തുടർന്ന് സന്നിധാനത്ത് എത്തിച്ചേരും. വലിയാനവട്ടത്തും പമ്പയിലും നിലയ്ക്കലും സന്നിധാനത്തും ഘോഷയാത്ര സ്വീകരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. അയ്യായിരം പോലീസുകാരെ വിന്യസിച്ചു. ഭക്തരെ മകരവിളക്കിന് ശേഷം സുരക്ഷിതമായി തിരിച്ചിറക്കുന്നതിന് കൃത്യമായ എക്സിറ്റ് പ്ലാനുണ്ട്. കൃത്യമായ ഇടവേളകളിൽ കെഎസ്ആർടിസി സർവീസ് ഉണ്ടാകും. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനം സംയുക്ത പരിശോധനയിൽ ഉറപ്പിച്ചു. എല്ലാ ഭക്തരും ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും എഡിഎം അറിയിച്ചു.

## ശബരിമല തീർഥാടനകാലം സംതൃപ്തിയോടെ അവസാനഘട്ടത്തിലേക്ക്: മന്ത്രി വി എൻ വാസവൻ

ശബരിമല തീർഥാടന കാലം സംതൃപ്തിയോടെ, പരാതിരഹിതമായി അവസാനഘട്ടത്തിലേക്ക് കടക്കുകയാണെന്ന് സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ സന്നിധാനത്ത് പറഞ്ഞു. ജനുവരി 12ന് പന്തളത്ത് നിന്നും പുറപ്പെട്ട തിരുവാഭരണ ഘോഷയാത്ര കാനന പാതയിലൂടെ സഞ്ചരിച്ച് 14ന് വൈകീട്ട് സന്നിധാനത്ത് എത്തിച്ചേരും. തിരുവാഭരണം അയ്യപ്പ വിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തും. അതേസമയം പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും. ഇതോടെ മണ്ഡല-മകരവിളക്ക് ഉത്സവകാലം സമാപനത്തോട് അടുക്കും. മുന്നൊരുക്കങ്ങൾ വളരെ മുമ്പേ തന്നെ നടത്താൻ സാധിച്ചതാണ് മികച്ച തീർഥാടനം കാലം ഒരുക്കാൻ വഴിവെച്ചതെന്ന് മന്ത്രി പറഞ്ഞു.
മകരവിളക്ക് കാണാൻ പർണശാലകളിൽ ക്യാമ്പ് ചെയ്തിരിക്കുന്ന ഭക്തന്മാർക്ക് ഭക്ഷണം നൽകാൻ സൗകര്യമൊരുക്കി. പർണശാലകളിൽ ഭക്ഷണം പാചകം ചെയ്ത് അപകടം

വരാതിരിക്കാനുള്ള മുൻകരുതലിന്റെ ഭാഗമായിട്ടാണ് ഈ നടപടി. മകരജ്യോതി വ്യൂ പോയിന്റുകളിൽ പോലീസും ഫയർഫോഴ്സും നേരിട്ട് പരിശോധന നടത്തി സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. കാനന പാതകളിലൂടെ വരുന്ന ഭക്തന്മാർക്കുള്ള സുരക്ഷ പ്രത്യേകമായി ഉറപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ജൂലൈ മാസം തന്നെ ആദ്യഘട്ടമായി എഴോളം കേന്ദ്രീകൃത യോഗങ്ങൾ ചേർന്നിരുന്നു. മുഖ്യമന്ത്രി നേരിട്ട് രണ്ട് യോഗങ്ങളിൽ പങ്കെടുത്ത് കാര്യങ്ങൾ വിലയിരുത്തി. എല്ലാ ഇടത്താവളങ്ങളും നേരിട്ട് സന്ദർശിച്ചു. തീർഥാടന തുടക്കത്തിൽ തന്നെ 40 ലക്ഷത്തോളം അരവണ ബഫർ സ്റ്റോക്ക് ഉണ്ടായിരുന്നു. എല്ലാ തീർഥാടകർക്കും ദർശനം ഉറപ്പാക്കാനും അന്നദാനവും ലഘുഭക്ഷണവും നൽകാനായി. തീർഥാടകരുടെ എണ്ണത്തിലും വരുമാനത്തിലും വർധനവുണ്ടായി.
മകരവിളക്കിന് ശേഷമുള്ള മടക്കയാത്രയ്ക്കായി എണ്ണൂറോളം കെഎസ്ആർടിസി ബസുകൾ നിലയ്ക്കലിൽ സജ്ജമാക്കിയിട്ടുണ്ട്. മടക്കയാത്രയിൽ തീർഥാടകരുടെ വാഹനങ്ങളുടെ ഡ്രൈവർമാർക്കായി ചുക്കുകാപ്പി വിതരണം ചെയ്യാനുള്ള നിർദേശങ്ങൾ വിവിധ ജില്ലകളിൽ നൽകിയിട്ടുണ്ട്.
ആതിഥേയമൂല്യങ്ങൾ ഉറപ്പിച്ചാണ് എല്ലാ വകുപ്പുകളും ഉദ്യോഗസ്ഥരും ശബരിമലയിൽ ഭക്തരെ സ്വീകരിച്ചതെന്ന് മന്ത്രി പറഞ്ഞു.